# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## മരണക്കിടക്കയിൽ വച്ച് ആദ്യത്തെ പൗരോഹിത്യാശീർവാദം പാപ്പായ്ക്ക്



ഇറ്റലി: ഫാദർ സാൽവത്തോറെ മെല്ലോൺ വൈദീകനാകാൻ ആഗ്രഹിച്ചതുപോലെ ഈ ഭൂമിയിൽ പൗരോഹിത്യത്തെ സ്നേഹിച്ച ആരും ഉണ്ടെന്ന് തോന്നുന്നില്ല. വൈദീകപഠനം പൂർത്തിയാക്കാൻ രണ്ടുവർഷം ശേഷിക്കേ അദ്ദേഹത്തിന് മാരകവും മരണകരവുമായ ക്യാൻസർരോഗം ബാധിച്ചിരിക്കുന്നതായി വൈദ്യശാസ്ത്രം കണ്ടെത്തി. ഒരു പുരോഹിതനാകാൻ ജീവിതം മാറ്റിവച്ചിട്ട് എല്ലാം ശൂന്യമായതുപോലെ. പക്ഷേ അദ്ദേഹം തളർന്നില്ല. സഭാനേതൃത്വവും അദ്ദേഹത്തിനൊപ്പം നിന്നു.

ഫ്രാൻസിസ് പാപ്പായുടെ പ്രത്യേക അനുവാദത്തോടെ രൺരമാസം മുമ്പ് അദ്ദേഹത്തിന് പ്രത്യേക പരിഗണന നൽകി. പൗരോഹിത്യാഭിഷേകം നൽകപ്പെട്ടു. ഇറ്റലിയിലെ ട്രാനിബാർലേത്ത അതിരൂപതയിലെ വൈദീകനായി അദ്ദേഹം അഭിഷേകം ചെയ്യപ്പെട്ടു. ആരോഗ്യം അസ്തമിച്ചുകൊണ്ടിരുന്നപ്പോഴും ദിവസവും ദിവ്യബലിയർപ്പിക്കുകയും ഒരു കുഞ്ഞിന് മാമ്മോദീസാ നൽകുകയും ആശുപത്രിയിൽ അനേകം രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. വളരെ ഹ്രസ്വവും എന്നാൽ അതിശക്തവുമായ രൺരമാസം നീണ്ട പൗരോഹിത്യശുശ്രൂഷ അവസാനിപ്പിച്ച് ജൂൺ 29 ന് നിത്യസമ്മാനം വാങ്ങുവാനായി 38-ാം മത്തെ വയസ്സിൽ സ്വർഗപിതാവിന്റെ സവിധത്തിലേക്ക് അദ്ദേഹം യാത്രയാവുകയും ചെയ്തു. പൗരോഹിത്യ സ്വീകരണം ഏപ്രിൽ 14 നായിരുന്നു. അതിന് രണ്ടുദിവസം മുമ്പ് പന്ത്രണ്ടാം തീയതി വത്തിക്കാനിൽ നിന്ന് പാപ്പായുടെ നേരിട്ടുള്ള ഫോൺകോൾ, ഒരു വൈദീകനെന്ന നിലയിൽ അങ്ങ് നൽകുന്ന ആദ്യത്തെ ആശീർവാദം എനിക്ക് നൽകി. ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ പ്രിയപ്പെട്ട സാൽവത്തോറെ, ഞാൻ അങ്ങയുടെ കൂടെയുണ്ട്. അങ്ങ് പൗരോഹിത്യം സ്വീകരിക്കുകയും വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്യും. പാപ്പായുടെ ഈ വാക്കുകൾ രോഗിയായ സാൽവത്തോറെയെ തെല്ലൊന്നുമല്ല ആശ്വസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തത്.

അതിവേഗം പൗരോഹിത്യസ്വീകരണത്തിനുള്ള ഒരുക്കങ്ങൾ. തിരുപ്പട്ട സ്വീകരണത്തിനിടെ ഫാദർ സാൽവത്തോറെയുടെ വാക്കുകൾ ഇങ്ങനെ. ഇന്ന് ക്രിസ്തുവിന്റെ തോളിൽ ഉയർത്തപ്പെടുന്ന അനുഭവമാണെനിക്ക്. ഒരു വൈദീകനെന്ന നിലയിൽ ലോകരക്ഷയ്ക്കായി ക്രിസ്തുവിന്റെ ഷാൾ ഞാൻ അണിയും. മാത്രമല്ല, ഒരു ബലിയെങ്കിലും അർപ്പിക്കുക എന്നത് ക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള എന്റെ പങ്കാളിത്തമായിരിക്കും.

ഇറ്റലിയിൽ ബർേലത്തയിൽ 1977 മാർച്ച് 9 നായിരുന്നു ഫാ. മെല്ലോണിന്റെ ജനനം. 2011 ലാണ് സെമിനാരിയിൽ ചേർന്നത്. യുവാവായിരുന്നപ്പോൾ ഏറെയധികമായി പ്രാർത്ഥിക്കുമായിരുന്നു. അവസാനനാളുകളിൽ പ്രത്യേകിച്ച് പൗരോഹിത്യസ്വീകരണം കഴിഞ്ഞ് രണ്◌ു മാസം വേദന സഹിച്ച് യാതൊരു നിരാശയുമില്ലാതെ അനേകരുടെ ജീവിതത്തിൽ അദ്ദേഹം സ്വാന്തനമായി എത്തിയിരുന്നു. കണ്ണിന്റെ കാഴ്ച പൂർണ്ണമായി നഷ്ടപ്പെട്ട നാളുകളിൽ വിശുദ്ധ കുർബ്ബാന കാണാതെ പഠിച്ചെടുത്താണ് ബലിയർപ്പിച്ചിരുന്നത്. സ്വയം ബലഹീനമായിരന്നെങ്കിലും പ്രാർത്ഥനകൾ എല്ലായ്പ്പോഴും ശക്തമായിരുന്നു. അതിരൂപത പുറത്തുവിട്ട മരണശേഷമുള്ള റിപ്പോർട്ട് സൂചിപ്പിക്കുന്നു.